വാട്ടർ ടാക്സ് വർദ്ധന

24 (3964) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മോഹൻകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വാട്ടർ ടാക്സ് എപ്പോഴെല്ലാം വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത വർദ്ധന എത്ര വീതമായിരുന്നു ;

(സി) ഈ ഗവൺമെന്റ് വാട്ടർ ടാക്സ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് 1-4-1999-ൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 1. ഗാർഹിക ഉപഭോക്താക്കൾക്ക് 15 % മുതൽ 60% വരെയും

2. ഗാർഹികേതര ഉപഭോക്താക്കൾക്ക് 60 %

3. വ്യാവസായിക ഉപഭോക്താക്കൾക്ക് 60 % -ഉം വർദ്ധനവ് 1-4-1999 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലവിലുള്ള വെള്ളക്കരത്തിന്റെ 30% വർദ്ധനവ് 1-4-2000 മുതൽ നടപ്പിലാക്കുവാനുള്ള കേരളാ വാട്ടർ അതോറിറ്റിയുടെ തീരുമാനം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

എൽ.ഐ.സി. ധനസഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ

25 (3965) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. ഐ. സി. - യുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള എത്ര ശുദ്ധജലവിതരണ പദ്ധതികളാണ് പൂർത്തിയാകാതെ കിടക്കുന്നതെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ഇപ്പോഴുള്ള തടസ്സങ്ങൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവയിൽ ഏതൊക്കെ പണികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 3/03-ലെ കണക്ക് പ്രകാരം എൽ.ഐ.സി. സഹായത്തോടെയുള്ള പൂർത്തിയാകാതെ കിടക്കുന്ന 81 പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പദ്ധതി അടങ്കലിന്റെ 25 മുതൽ 50% വരെ മാത്രമേ എൽ.ഐ.സി. ലോൺ ലഭിക്കുകയുള്ളു. ബാക്കി തുക സർക്കാർ വഹിക്കേണ്ടതാണ്. എൽ.ഐ.സി. ലോണിന് പുറമേ പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായിവരുന്ന തുക സാമ്പത്തിക പരിമിതികൾക്കുള്ളിൽ കണ്ടെത്താനുള്ള ബുദ്ധിമുട്ട്, പദ്ധതി ഘടകങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസം, നടപടി ക്രമങ്ങൾ പൂർത്തിയാക്കി പദ്ധതിക്കാവശ്യമായ പൈപ്പും മറ്റും വാങ്ങുന്നതിനുള്ള കാലതാമസം എന്നിവയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ ധനലഭ്യതയ്ക്കും പദ്ധതി ഘടകങ്ങൾക്കുവേണ്ടി വരുന്ന സ്ഥല ലഭ്യതയ്ക്കും അനുസരിച്ച് പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ ആക്ഷൻ പ്ലാൻ തയ്യാറായി നടപടികൾ സ്വീകരിച്ചുവരുന്നു.

ലോകബാങ്കിന്റെ സഹായത്തോടെ ജലനിധി പദ്ധതി

26 (3966) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ കേരളാ റൂറൽ വാട്ടർ സ്പ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന ജലനിധി എന്ന പേരിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ ;

(ബി) ഈ പദ്ധതിക്ക് നാളിതുവരെ എത്ര കോടി രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിന് കേരള വാട്ടർ അതോറിറ്റി നിലവിലുള്ളപ്പോൾ ഇതിനായി കെ.ആർ.ഡബ്ലിയു.എസ്.എ. എന്ന സ്ഥാപനത്തിനെ സമാന്തര സംവിധാനമായി ഏർപ്പെടുത്തിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly